ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 23.09.2025**

## പ്രധാനവാർത്തകൾ

1. 71-ാമത് ദേശീയ ചലച്ചിത്ര പുരസ്കാര വിതരണം രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ നിർവഹിക്കും. കേരളത്തിന് അഭിമാനമായി മോഹൻലാൽ ദാദാ സാഹിബ് ഫാൽകെ പുരസ്കാരം ഏറ്റുവാങ്ങും.
2. പത്താമത് ദേശീയ ആയുർവേദ ദിനം രാജ്യത്തു വിപുലമായ പരിപാടികളോടെ ആഘോഷിക്കുന്നു. ദിനാചരണ പരിപാടി ഗോവയിൽ കേന്ദ്ര സഹമന്ത്രി പ്രതാപ്റാവു ജാദവ് ഉദ്ഘാടനം ചെയ്യും.
3. ആയുർവേദ ദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് ഇന്ന് വൈകിട്ട് തിരുവനന്തപുരത്ത് നിർവഹിക്കും. വിവിധ ആയുർവേദ പദ്ധതികൾക്കും തുടക്കം കുറിക്കും.
4. കയർ മേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാനും മേഖലയെ ആധുനികവൽകരിക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി പി. രാജീവ്.
5. ഇന്ത്യയിൽ ഇതുവരെ എത്തിയതിൽ ഏറ്റവും ആഴംകൂടിയ ഡ്രാഫ്റ്റ് ചരക്കു കപ്പലിനെ ബെർത്ത് ചെയ്ത റെക്കോർഡ് നേട്ടവുമായി വിഴിഞ്ഞം രാജ്യാന്തര തുറമുഖം.
6. ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ- ശ്രീലങ്കയെ നേരിടും.

&&&&&&&&&&&&&&&&&&

RNU TVPM

## ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ

71-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ ഇന്ന് ന്യൂഡൽഹിയിലെ വിഖ്യാൻ ഭവനിൽ രാഷ്ട്രപതി ദ്രൗപദി മുർമു വിതരണം ചെയ്യും. ജവാൻ, 12th ഫെയിൽ എന്നീ ചിത്രങ്ങളിലെ അഭിനയത്തിന് മികച്ച നടനുള്ള പുരസ്ക്കാരം ഷാരൂഖ് ഖാനും വിക്രാന്ത് മാസിയ്ക്കും സമ്മാനിക്കും. റാണി മുഖർജിക്കാണ് മികച്ച നടിക്കുള്ള പുരസ്ക്കാരം. മികച്ച സഹനടനുള്ള പുരസ്കാരം വിജയരാഘവനും സഹനടിക്കുള്ള അവാർഡ് ഉർവശിയും ഏറ്റുവാങ്ങും. ചടങ്ങിൽ നടൻ മോഹൻലാലിന് 2023 ലെ ദാദാ സാഹിബ് ഫാൽകെ പുരസ്കാരം സമ്മാനിക്കും.

&&&&&&&&&&&&&&&&&&

## പത്താമത് ദേശീയ ആയുർവേദ ദിനം

പത്താമത് ദേശീയ ആയുർവേദ ദിനം രാജ്യത്തു ഇന്ന് വിപുലമായ പരിപാടികളോടെ ആഘോഷിക്കുന്നു. ഗോവയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദയിൽ സംഘടിപ്പിച്ച ദിനാചരണ പരിപാടി കേന്ദ്ര സഹമന്ത്രി പ്രതാപ്റാവു ജാദവ് ഉദ്ഘാടനം ചെയ്തു. "ആയുർവേദം ജനങ്ങൾക്ക്, ആയുർവേദം ഗ്രഹത്തിന്" എന്നതാണ് ഈ വർഷത്തെ പ്രമേയം. 2025 ലെ ദേശീയ ധന്വന്തരി ആയുർവേദ പുരാസ്കാരങ്ങൾ ഇന്ന് സമ്മാനിക്കും.

RNUTVPM

&&&&&&&&&&&&&&&&&&

## ആയുർവേദ ദിനം - വീണാ ജോർജ് (ഇൻട്രോ)

പത്താമത് ആയുർവേദ ദിനാചരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് ഇന്ന് വൈകിട്ട് തിരുവനന്തപുരത്ത് നിർവഹിക്കും. ദിനാചരണത്തോടനുബന്ധിച്ച് 14.39 കോടി രൂപയുടെ 12 പദ്ധതികളുടെ ഉദ്ഘാടനവും മന്ത്രി നിർവഹിക്കും.

**ആയുർവേദത്തിൻറെ ഗുണങ്ങളെക്കുറിച്ച് തിരുവനന്തപുരം സി.ജി.എച്ച്. എസിലെ ചീഫ് മെഡിക്കൽ ഓഫീസർ ഡോ. പ്രിയാ എം സുന്ദരം ആകാശവാണി വാർത്തകളോട്.... (വോയ്സ്)**

&&&&&&&&&&&&&&&&&&

## <u>ആയുർവേദ ദിനാഘോഷം-ഇടുക്കി</u>

ആയുർവേദ ദിനാഘോഷത്തോടനുബന്ധിച്ച് ഇടുക്കി പാറേമാവ് ആയുർവേദ ആശുപത്രിയിൽ അസ്ഥി-സന്ധിരോഗ വിഭാഗത്തിനായുള്ള പ്രത്യേക ക്ലിനിക്കിന്റെയും നവീകരിച്ച നേത്രചികിത്സാ വിഭാഗത്തിന്റെയും ഉദ്ഘാടനം ഇന്ന് മന്ത്രി റോഷി അഗസ്റ്റിൻ ഓൺലൈനായി നിർവഹിക്കും. ദിനാഘോഷത്തോടനുബന്ധിച്ച് ഒരാഴ്ച നീണ്ടുനിൽക്കുന്ന വിവിധ പരിപാടികൾ ആശുപത്രിയിൽ സംഘടിപ്പിക്കും.

&&&&&&&&&&&&&&&&&&

## <u>ആയുർവേദ ദിനാചരണം -കണ്ണൂർ</u>

പത്താമത് ദേശീയ ആയുർവേദ ദിനാചരണത്തിന്റെ കണ്ണൂർ ജില്ലാതല ഉദ്ഘാടനം ഈ മാസം 27 ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കും. പരിപാടിയോടനുബന്ധിച്ച് ആരോഗ്യദായകമായ ഭക്ഷണ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ 'ആയുർ രുചി ഫുഡ് എക്സ്പോ' സംഘടിപ്പിക്കും. സ്കൂളുകളിലും പൊതു ഇടങ്ങളിലും ഔഷധ തോട്ടങ്ങൾ ഒരുക്കും.

RNU TVPM

&&&&&&&&&&&&&&&&&&

## <u>പി. രാജീവ് - കയർ</u>

കയർ മേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാനും മേഖലയെ ആധുനിക വൽകരിക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി പി. രാജീവ്. കയർ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ വിദഗ്ദ്ധരെയും ട്രേഡ് യൂണിയൻ പ്രതിനിധികളെയും സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തി ആലപ്പുഴയിൽ സംഘടിപ്പിക്കുന്ന കയർ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കയർ സംഭരിക്കുന്നതോടൊപ്പം വിൽക്കാനുള്ള സാഹചര്യവും ഒരുക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## ക്ഷേമ പെൻഷൻ

സെപ്റ്റംബറിലെ സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷനുകൾ മറ്റന്നാൾ മുതൽ വിതരണം ചെയ്യുമെന്ന് ധനകാര്യമന്ത്രി കെ എൻ ബാലഗോപാൽ. ഇതിനായി 841 കോടി അനുവദിച്ചു . 62 ലക്ഷത്തോളം പേർക്കാണ് 1600 രൂപവീതം ലഭിക്കുന്നത്.

&&&&&&&&&&&&&&&&&&

## മന്ത്രി വി എൻ വാസവൻ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് അഞ്ഞൂറാമത് കപ്പൽ നങ്കൂരമിട്ടു. ഇന്ത്യയിൽ ഇതുവരെ എത്തിയതിൽ ഏറ്റവും ഡ്രാഫ്റ്റ് കൂടിയ ചരക്കു കപ്പലാണ് ഇന്ന് ബെർത്ത് ചെയ്ത എം.എസ്.സി. വെറോണ. 2024 ഡിസംബറിൽ വാണിജ്യ അടിസ്ഥാനത്തിലുള്ള പ്രവർത്തനമാരംഭിച്ചതിനുശേഷം പത്തുമാസത്തിനുള്ളിലാണ് ഈ ശ്രദ്ധേയമായ നേട്ടം എന്ന് മന്ത്രി വി എൻ വാസവൻ സമൂഹമാധ്യമത്തിൽ കുറിച്ചു. ഇന്ന് പുലർച്ചെയാണ് കപ്പൽ വിഴിഞ്ഞത്ത് നങ്കൂരമിട്ടത്.

RNU TVPM

&&&&&&&&&&&&&&&&&&

## നവരാത്രി - ആഘോഷം

തിരുവനന്തപുരത്തെ നവരാത്രി ആഘോഷങ്ങൾക്ക് തുടക്കമായി. മൂന്ന് ദിവസം നീണ്ട ഘോഷയാത്രയോടെ പദ്മനാഭപുരത്തു നിന്ന് നവരാത്രി വിഗ്രഹങ്ങൾ ഇന്നലെ തലസ്ഥാനത്തെത്തി. സരസ്വതീ ദേവിയെ നവരാത്രി മണ്ഡപത്തിൽ പൂജയ്ക്കിരുത്തി. വേളിമല കുമാരസ്വാമിയെ ആര്യശാല ദേവീക്ഷേത്രത്തിലേക്കും മുന്നൂറ്റി നങ്കയെ ചെന്തിട്ട ദേവീക്ഷേത്രത്തിലേക്കും കൊണ്ടുപോയി. മൂന്നു ക്ഷേത്രങ്ങളിലും വലിയ ഭക്തജന തിരക്കാണ് അനുഭവപ്പെടുന്നത്. ഒക്ടോബർ രണ്ടിനാണ് പൂജയെടുപ്പ്.

&&&&&&&&&&&&&&&&&&

## കണ്ണൂർ - ദസറ

രണ്ടാം ദസറ എന്നറിയപ്പെടുന്ന കണ്ണൂരിലെ നവരാത്രി ആഘോഷങ്ങൾക്ക് ഇന്ന് തുടക്കമാകും. കണ്ണൂർ

കോർപ്പറേഷൻറെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കണ്ണൂർ ദസറ വൈകുന്നേരം കണ്ണൂർ കലക്ടറേറ്റ് മൈതാനിയിൽ കെ സുധാകരൻ എംപി ഉദ്ഘാടനം ചെയ്യും.
നവരാത്രിയോടനുബന്ധിച്ചു ദിവസവും വൈവിധ്യമാർന്ന കലാപരിപാടികളും ഒരുക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## ജി എസ് ടി

പുതു തലമുറ ജിഎസ്ടി പരിഷ്ക്കാരങ്ങളിലൂടെ, ജനങ്ങൾക്കു വലിയ രീതിയിലുള്ള പ്രയോജനമാണ് ലഭിക്കുന്നത്. ജിഎസ്ടി പരിഷ്ക്കാരങ്ങൾ പ്രകാരം, വിവിധ മേഖലകളിലുടനീളം സർക്കാർ ഗണ്യമായ നികുതി ഇളവുകളാണ് അവതരിപ്പിച്ചിട്ടുള്ളത്. തുണി വ്യവസായത്തിന് ആശ്വാസം നൽകുന്നതിനായി, മനുഷ്യനിർമ്മിത നാരുകളുടെ ജിഎസ്ടി 18 ശതമാനത്തിൽ നിന്ന് 5 ശതമാനമായും, മനുഷ്യനിർമ്മിത നൂലുകളുടെ നികുതി 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായും കുറച്ചു.

&&&&&&&&&&&&&&&&&&

## സേവാ പർവ് (ഇൻട്രോ)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ ക്ഷേമ നടപടികൾ, സാമൂഹിക സുരക്ഷ, സാമ്പത്തിക ഉൾപ്പെടുത്തൽ എന്നിവയിലൂടെ അനൗപചാരിക തൊഴിൽ മേഖലയെ എങ്ങനെ ശക്തിപ്പെടുത്തിയെന്നതാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.
(വോയ്സ്)

## സേവാ പർവ് (വോയ്സ്)

(മ്യൂസിക്)
ജിഡിപിയിൽ ഏകദേശം 45 ശതമാനം സംഭാവന നൽകുന്ന അനൗപചാരിക മേഖല ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ ഒരു പ്രധാന പങ്കാളിയാണ്. സർക്കാർ പദ്ധതികൾ, അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്നവരെ ശാക്തീകരിച്ചു . പിഎം

RNU TVPM

സ്വനിധി പദ്ധതി വഴിയോര കച്ചവടക്കാർക്ക് പ്രവർത്തന മൂലധന വായ്പ സുഗമമാക്കി.

**(പി.എം. ഹോൾഡ് വോയ്സ്)**

അനൗപചാരിക മേഖലയിൽ ജോലി ചെയ്യുന്നവരുടെ സാമ്പത്തിക വളർച്ചയും സ്ഥിരതയും ഉറപ്പാക്കാൻ കേന്ദ്ര സർക്കാരിന്റെ വിവിധ സംരംഭങ്ങൾ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ, വായ്പ, പരിശീലനം എന്നിവ ലഭ്യമാക്കുന്നു.

&&&&&&&&&&&&&&&&&&

## അനൗൺസ്മെന്റ്

സേവാ പർവിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക ചർച്ച ഇന്ന് ഉച്ചയ്ക്ക് ശേഷം 3.30 ന് പ്രക്ഷേപണം ചെയ്യും. ഇന്നത്തെ ചർച്ചയിൽ രാജ്യത്തെ കൃഷി മേഖല ശക്തിപ്പെടുത്താൻ നടപ്പിലാക്കിയ പ്രവർത്തനങ്ങളെ കുറിച്ച് ICAR കൃഷി വിജ്ഞാന കേന്ദ്രത്തിലെ അഗ്രിക്കൾച്ചറൽ എൻജിനിയറിംഗ് സബ്ജകറ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ജി. ചിത്ര സംസാരിക്കും.

RNU TVPM

&&&&&&&&&&&&&&&&&&

## ക്രിക്കറ്റ്

ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ- ശ്രീലങ്കയെ നേരിടും. രാത്രി എട്ടിന് അബുദാബി ഷെയ്ഖ് സൈയിദ് സ്റ്റേഡിയത്തിലാണ് മത്സരം. ഇന്ത്യ-ബംഗ്ലാദേശ് പോരാട്ടം നാളെയാണ്. നിലവിൽ ഗ്രൂപ്പ് എ യിൽ ആറു പോയിന്റുമായി ഒന്നാം സ്ഥാനത്താണ് ഇന്ത്യ.

&&&&&&&&&&&&&&&&&&

## ഓഹരി - സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം.ബോംബെ ഓഹരി സൂചിക സെൻസെക്സ് 256 പോയിന്റ് താഴ്ന്നു 81,903 ലുംദേശീയ ഓഹരി സൂചിക നിഫ്റ്റി 78 പോയിന്റ് നഷ്ടത്തിൽ 25,126 ലും വ്യാപാരം തുടരുന്നു. സ്വർണ വില ഉയർന്നു.സ്വർണം ഗ്രാമിന് 115

രൂപ ഉയർന്നു 10,480 രൂപയും,പവന് 920 രൂപ ഉയർന്നു 83,840 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## സ്കോളർഷിപ്പ്

രാജ്യത്തെ പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിച്ച ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷകൾ ക്ഷണിച്ചു. ഉപരി പഠനം നടത്തുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. അപേക്ഷകർ ബന്ധപ്പെട്ട യോഗ്യതാ പരീക്ഷയിൽ 55 ശതമാനം മാർക്ക് നേടിയിരിക്കണം. അടുത്ത മാസം 22 വരെ അപേക്ഷിക്കാം.

&&&&&&&&&&&&&&&&&&

## അന്താരാഷ്ട്ര ആംഗ്യഭാഷാ ദിനം

ഇന്ന് അന്താരാഷ്ട്ര ആംഗ്യഭാഷാ ദിനം. ശ്രവണ പരിമിതരായ ജനങ്ങളുടെ അവകാശങ്ങൾ മനസ്സിലാക്കുന്നത് സംബന്ധിച്ച അവബോധം വളർത്താനാണ് ഐക്യരാഷ്ട്രസഭ സെപ്തംബർ 23 അന്താരാഷ്ട്ര ആംഗ്യ ദിനമായി പ്രഖ്യാപിച്ചത്. ദിനാചരണവുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ ഇന്ത്യൻ സൈൻ ലാഗ്വേജി റിസർച്ച് ആൻറ് ട്രെയിനിംഗ് സെൻററിൻറെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ കേന്ദ്രമന്ത്രിമാരായ വിരേന്ദ്ര കുമാറും ബി.എൽ വർമ്മയും പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## മന്ത്രി പി. രാജീവ്

എറണാകുളം ജില്ലയിലെ മുട്ടാർ നദിക്കു കുറുകെയുള്ള ചേരാനല്ലൂർ ഏലൂർ ചൗക്ക പാലം നിർമ്മാണത്തിന് ഭരണാനുമതിയായി. 27.70 കോടി രൂപയുടെ പദ്ധതിയാണിത്. ഒട്ടേറെ വ്യവസായ സ്ഥാപനങ്ങളുടെ കേന്ദ്രമായ ഏലൂരിൽ നിന്നുള്ള ഒരു എമർജൻസി കണക്ടിവിറ്റി എന്ന നിലയിൽ വലിയ

RNUTVPM

പ്രാധാന്യം കൽപിക്കപ്പെടുന്ന പാലമാണിതെന്ന് മന്ത്രി പി രാജീവ് പറഞ്ഞു.

&&&&&&&&&&&&&&&&&&&

## മന്ത്രി വീണാ ജോർജ് -ഉദ്ഘാടനം

ആലപ്പുഴ ചിങ്ങോലി പ്രാഥമികാരോഗ്യകേന്ദ്രം ഒ പി ബ്ലോക്കിന്റെയും ജനകീയ ലാബിന്റെയും ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിക്കും. രമേശ് ചെന്നിത്തല അധ്യക്ഷനാകും. ആർദ്രം പദ്ധതി പ്രകാരം നിർമ്മിച്ചതാണു പുതിയ കെട്ടിടം.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&&&&

RNU TVPM